"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം ശ്രീമതി.സിമി മുഹമ്മദ്, കെ.കെ.ഹൗസ്, പേരൂർ.പി.ഒ, കിളിമാനൂർ, തിരുവനന്തപുരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

**വ്യവസായ (എ) വകുപ്പ്**

G.O.(Rt) No.382/2025/ID തീയതി,തിരുവനന്തപുരം, 04-04-2025

പരാമർശം:-

1. തിരുവനന്തപുരം ജിയോളജിസ്റ്റിന്റെ 20.01.2024 തീയതിയിലെ 367/2023-24/DOTHI-DMG/1714/2023-M നമ്പർ നടപടിക്രമം
2. ശ്രീമതി.സിമി മുഹമ്മദ്, കെ.കെ.ഹൗസ്, പേരൂർ.പി.ഒ, കിളിമാനൂർ, തിരുവനന്തപുരം 27.01.2024 ൽ സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 24.03.2025 തീയതിയിലെ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ കിളിമാനൂർ വില്ലേജിൽ ബ്ലോക്ക് 29-ൽ റീ സർവ്വേ 371/8-1ൽ പെട്ടതും ശ്രീമതി.സിമി മുഹമ്മദ്, കെ.കെ.ഹൗസ്, കാട്ടുചന്ത, പേരൂർ പി.ഒ, കിളിമാനൂർ, തിരുവനന്തപുരം-695601 എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ വസ്തുവിൽ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽഡിങ്ങ് പെർമിറ്റ്/ഡെവലപ്മെന്റ് പെർമിറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ 5960 മെട്രിക് ടൺ സാധാരണമണ്ണ് നീക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുമതി നൽകിയിരുന്നുവെങ്കിലും ആയത് പ്രകാരം മുഴുവൻ മണ്ണും നീക്കം ചെയ്യുവാൻ സാധിക്കാത്തതിനെ തുടർന്ന് പെർമിറ്റ് പുതുക്കി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ നിരസിച്ചുകൊണ്ട് തിരുവനന്തപുരം ജിയോളജിസ്റ്റ് 20.01.2024 ൽ പുറപ്പെടുവിച്ച പരാമർശം (1) നടപടിക്രമത്തിനെതിരെ ശ്രീമതി.സിമി മുഹമ്മദ്, കിളിമാനൂർ, പരാമർശം (2) പ്രകാരം സർക്കാരിൽ ഒരു അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി 06/03/2024-ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, തിരുവനന്തപുരം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റും പങ്കെടുക്കുകയുണ്ടായി.

3. പരാതിക്കാസ്പദമായ സ്ഥലത്ത് നിന്ന് 5960 മെ.ടൺ മണ്ണ് നീക്കം ചെയ്യുന്നതിന് 1,19,200 രൂപ റോയൽറ്റി ഈടാക്കി പെർമിറ്റ് അനുവദിച്ചതിൽ മുഴുവൻ മണ്ണും നീക്കം ചെയ്തിട്ടില്ലായെന്നും, പെർമിറ്റ് പുതുക്കി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചപ്പോൾ അരിയർ

റോയൽറ്റി ഒടുക്കുവാൻ ആവശ്യപ്പെട്ടുവെന്നും, മുഴുവൻ മണ്ണും നീക്കം ചെയ്താൽ മാത്രമേ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം നടത്തുവാൻ സാധിക്കുകയുള്ളൂവെന്നും അതിനാൽ ഒരു വർഷത്തിനകം കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം നടത്തിയില്ലെന്ന കാരണത്താൽ നൽകിയിരിക്കുന്ന ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും ബാക്കി നീക്കം ചെയ്യുവാനുള്ള മണ്ണ് നീക്കം ചെയ്യുന്നതിന് പെർമിറ്റ് പുതുക്കി നല്കുന്നതിന് ജിയോളജിസ്റ്റിന് നിർദ്ദേശം നല്കണമെന്നും ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷി ആവശ്യപ്പെട്ടു.

4. ഇതുസംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ചിറയിൻകീഴ് താലൂക്കിൽ കിളിമാനൂർ വില്ലേജിൽ ബ്ലോക്ക് നം.29 ൽ റീ സർവെ 371/8-1 ൽ പ്പെട്ടതും അപ്പീൽ കക്ഷിയുടെ ഉടമസ്ഥതയിലുള്ളതുമായ വസ്തുവിൽ നിന്നും കിളിമാനൂർ ഗ്രാമപഞ്ചായത്ത് അനുവദിച്ച കെട്ടിടനിർമ്മാണ അനുമതിയുടെ അടിസ്ഥാനത്തിൽ 5960 മെ. ടൺ മണ്ണ് നീക്കം ചെയ്യുന്നതിന് 10/08/2022 ന് അപ്പീൽ കക്ഷിക്ക് അനുമതി നൽകിയ ഉത്തരവിന് 17/08/2022 വരെ കാലാവധി ഉണ്ടായിരുന്നു. ഈ ഉത്തരവ് പ്രകാരം മുഴുവൻ മണ്ണും നീക്കം ചെയ്യുവാൻ സാധിക്കാത്തതിനാൽ അനുമതി പുതുക്കി നൽകണമെന്നും ആവശ്യപ്പെട്ട് 26/08/2022 ന് അപ്പീൽ കക്ഷി ജില്ലാ ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൻമേൽ വസ്തുവിൽ ശേഷിക്കുന്ന മണ്ണിന്റെ അളവ് റിപ്പോർട്ട് ചെയ്യുന്നതിന് 13/10/2022 ൽ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുകയും ആയതിന് 28/12/2022 ലഭിച്ച മറുപടിയിൽ ഉള്ളടക്കം ചെയ്ത റിപ്പോർട്ടിൽ മുൻ അനുമതി പ്രകാരം 957.35 ക്യൂബിക് മീറ്റർ മണ്ണ് ശേഷിക്കുന്നതായി അറിയിച്ചതായി ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷകൻ ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ച സാഹചര്യത്തിൽ KMMC ചട്ടങ്ങളിലെ ചട്ടം 14(7) പ്രകാരം നടപടി സ്വീകരിക്കേണ്ടതില്ല എന്ന് കാണുന്നു. കൂടാതെ നിരക്കുകൾ പുതുക്കി ചട്ടഭേദഗതി വന്നതിനുശേഷം 3/04/2023 തീയതിയിൽ മുൻപ് റോയൽറ്റി അടച്ചിരുന്നവർക്കും ഒരിക്കൽ കൂടി പെർമിറ്റ് പുതുക്കി നൽകുന്നതിന് എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും സർക്കുലർ നൽകിയിരുന്നു. ടി സാഹചര്യത്തിൽ അരിയർ റോയൽറ്റി ഒടുക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റ് നിർദ്ദേശം നൽകിയത് ക്രമപ്രകാരമായി കണക്കാക്കേണ്ടതില്ല. ടി സാഹചര്യത്തിൽ ജില്ല ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസ് റദ്ദ് ചെയ്ത്, അപേക്ഷകൻ ആവശ്യപ്പെടുന്നപക്ഷം 26/08/2022 തീയതി ജില്ലാ ഓഫീസിൽ നൽകിയ അപേക്ഷ പരിഗണിച്ച് അവശേഷിക്കുന്ന 957.35 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണ്.

5. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദത്തന്റെയും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അപ്പീൽ കക്ഷി കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 5960 മെ. ടൺ മണ്ണ് നീക്കം ചെയ്യുന്നതിന് 1,19,200/- രൂപ റോയൽറ്റി ഒടുക്കി 10/08/2022 ൽ അനുമതി കരസ്ഥമാക്കിയിരുന്നു. എന്നാൽ അനുമതി കാലാവധിക്കുള്ളിൽ മുഴുവൻ മണ്ണും നീക്കം ചെയ്യുവാൻ സാധിച്ചില്ല. സ്ഥലത്തു നിന്ന് നീക്കം ചെയ്യുന്നതിന് അനുമതി നൽകിയ മുഴുവൻ മണ്ണും മാറ്റിയാൽ മാത്രമേ അടിത്തറ കെട്ടുവാൻ സാധിക്കുകയുള്ളുവെന്നാണ് അപ്പീൽ കക്ഷിയുടെ വാദം. 28/10/2022 ൽ പഞ്ചായത്ത് സെക്രട്ടറി ജിയോളജിസ്റ്റിന് നൽകിയ കത്തിൽ 957.35 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുവാൻ ശേഷിക്കുന്നുവെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. അനുമതി പുതുക്കി നൽകുന്നതിന് കക്ഷി അപേക്ഷ സമർപ്പിച്ചപ്പോൾ KMMC ചട്ടം 2023 ലെ ഭേദഗതി പ്രകാരം അരിയർ റോയൽറ്റി ഒടുക്കുവാൻ ജിയോളജിസ്റ്റ് അപ്പീൽ കക്ഷിയോട്

ആവശ്യപ്പെട്ടു. നിരക്കുകൾ പുതുക്കി ചട്ടഭേദഗതി വന്നതിനുശേഷം, 3/04/2023 ന് മുൻപ് അനുമതി നൽകിയിട്ടുള്ളതും എന്നാൽ അധിക റോയൽറ്റി അടയ്ക്കാതെ പുതുക്കി നൽകേണ്ടതുമായ അപേക്ഷകളിൽ അധിക നിരക്ക് കൂടാതെ അനുമതി പുതുക്കി നൽകുവാൻ എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും 3401/എം5/2022 നമ്പർ സർക്കുലർ പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അരിയർ റോയൽറ്റി ഈടാക്കണമെന്ന് KMMC ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുമില്ല. അതിനാൽ അരിയർ റോയൽറ്റി ഒടുക്കുവാൻ ജിയോളജിസ്റ്റ് കക്ഷിയോട് ആവശ്യപ്പെട്ടത് ക്രമപ്രകാരമല്ല. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ അപ്പീൽ കക്ഷിയുടെ വാദങ്ങളിൽ കഴമ്പുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ ജിയോളജിസ്റ്റിന്റെ 20/01/2024 ലെ 367/2023-24/DOTHI-DMG/1714/2023-M നടപടിക്രമം റദ്ദ് ചെയ്തുകൊണ്ടും, അപേക്ഷക ആവശ്യപ്പെടുന്ന പക്ഷം മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പെർമിറ്റ് പുതുക്കി നൽകണമെന്ന അപേക്ഷ പരിഗണിച്ച് അവശേഷിക്കുന്ന 957.35 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് KMMC ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് അനുമതി നൽകുന്നതിന് തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീമതി.സിമി മുഹമ്മദ്, കെ.കെ.ഹൗസ്, പേരൂർ.പി.ഒ, കിളിമാനൂർ, തിരുവനന്തപുരം പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
B AJITHA
ADDITIONAL SECRETARY
& അപ്പീൽ അധികാരി

ശ്രീമതി.സിമി മുഹമ്മദ്, കെ.കെ.ഹൗസ്, പേരൂർ.പി.ഒ, കിളിമാനൂർ, തിരുവനന്തപുരം
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജിയോളജിസ്റ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 05-04-2025 10:26:48